**<u>സർക്കുലർ</u>**

100/2/NSS/DHSE/2018 08/10/2018

2018-19 ൽ തിരുവനന്തപുരം മുതൽ മലപ്പുറം വരെ പുതുതായി അനുവദിച്ച സ്വാശ്രയ എൻഎസ്എസ് യൂണിറ്റിലെ എൻഎസ്എസ് വോളണ്ടിയർമാർക്കും പ്രളയത്തെ തുടർന്ന് ത്രിദിന ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ എൻഎസ്എസ് വോളണ്ടിയർമാർക്കുമായി 23/10/2018 മുതൽ 25/10/2018 വരെ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ലോഗോസ് പാസ്ട്രൽ സെന്ററിൽ ലീഡർഷിപ്പ് ക്യാമ്പ് സംഘടിപ്പിക്കുന്നു.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം കണ്ണൂർ ജില്ലയിലെ യമുനാതീരത്ത് 17/08/2018 മുതൽ സംഘടിപ്പിച്ചിരുന്ന ഒന്നാം വർഷ വോളണ്ടിയർ ലീഡർമാർക്കുള്ള ത്രിദിന സഹവാസ ക്യാമ്പ് പ്രളയത്തെ തുടർന്ന് മാറ്റിയിരുന്നു. ടി ക്യാമ്പ് 23/10/2018 മുതൽ 25/10/2018 വരെ യമുനാ തീരത്ത് സംഘടിപ്പിക്കുന്നു. ടി ക്യാമ്പിൽ 2018-19 ൽ പുതിയതായി അനുവദിച്ച കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ വോളണ്ടിയർമാരും പങ്കെടുക്കേണ്ടതാണ്.

ഒരു യൂണിറ്റിൽ നിന്നും രജിസ്ട്രേഷൻ ഫീസായി 1900 രൂപ (2 വോളണ്ടിയർ ലീഡർമാർക്ക്) രജിസ്ട്രേഷൻ സമയത്ത് നൽകേണ്ടതാണ്. ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതിനായി പെൺകുട്ടികളും ആൺകുട്ടികളും ഉള്ള സ്കൂളിൽ നിന്നും ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും വോളണ്ടിയർ ലീഡർമാരായി തെരഞ്ഞെടുത്ത് പങ്കെടുപ്പിക്കേണ്ടതാണ്. ടി സ്കൂളിൽ നിന്നും ആൺകുട്ടികൾ മാത്രമാണ് പങ്കെടുക്കാൻ എത്തുന്നതെങ്കിൽ അവരെ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതല്ല. വോളണ്ടിയർ ലീഡർമാരായി എത്തുന്നവർ ആയിരിക്കണം സ്കൂളിലെയും വോളണ്ടിയർ ലീഡർ ആകേണ്ടത്. പകരക്കാരെ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതല്ല. മൊബൈൽ ഫോൺ കൊണ്ടുവരാൻ പാടുള്ളതല്ല.

ലീഡർമാരായി തെരഞ്ഞെടുക്കുന്ന വോളണ്ടിയർമാർ മികച്ച ആശയ വിനിമയ പാടവമുള്ളവരും സ്വഭാവഗുണങ്ങളോടുകൂടിയുള്ളവരുമായിരിക്കണം. ഓരോ ലീഡറും ഓരോ സ്കൂളിനെ പ്രതിനിധീകരിച്ചാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. അതിനാൽ ക്യാമ്പിലെ അവരുടെ പ്രവർത്തനം സ്കൂളിന് അഭിമാനമാകുന്ന രീതിയിൽ ആയിരിക്കണം. വോളണ്ടിയർലീഡർമാർ ക്യാമ്പിൽ ഫോട്ടോ പതിപ്പിച്ച സ്കൂൾ ഐഡി നിർബന്ധമായും ധരിച്ചിരിക്കണം. ക്യാമ്പ് നിബന്ധനകൾ പാലിക്കാത്ത വോളണ്ടിയർലീഡർമാരുടെ വിവരം പ്രിൻസിപ്പലിനെ അറിയിക്കുന്നതും അവരെ വോളണ്ടിയർ സ്ഥാനത്തുനിന്നും ഒഴിവാക്കുന്നതുമാണ്.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം ലീഡർഷിപ്പ് ക്യാമ്പിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതിനാൽ എല്ലാ വോളണ്ടിയർ ലീഡർമാരും ഓരോ മഷിപ്പേന കൊണ്ടു വരേണ്ടതാണ്. പതിവായി മരുന്നുകൾ കഴിക്കുന്നവർ മരുന്നുകൾ കരുതേണ്ടതാണ്. ഒരു ബെഡ്ഷീറ്റ് കൊണ്ടുവരേണ്ടതാണ്. ജില്ലാ പ്രോഗ്രാം കൺവീനർ/പിഎസി അംഗങ്ങൾ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ യൂണിറ്റുകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

| തീയതി | രജിസ്ട്രേഷൻ സമയം | ജില്ല | |
|---|---|---|---|
| 23/10/2018 മുതൽ 25/10/2018 | 23/10/2018 3Pm | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം | ലോഗോസ് പാസ്ട്രൽ സെന്റർ, നെയ്യാറ്റിൻകര, തിരുവനന്തപുരം (നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷൻ - നെയ്യാറ്റിൻകര ബസ് സ്റ്റാൻഡ് -ലോഗോസ് പാസ്ട്രൽ സെന്റർ(പൂവാർ നെയ്യാറ്റിൻകര റോഡ്) |

| തീയതി | രജിസ്ട്രേഷൻ സമയം | ജില്ല | |
|---|---|---|---|
| 23/10/2018 മുതൽ 25/10/2018 | 23/10/2018 3Pm | കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് | യമുനാ തീരം, കാനായി , കണ്ണൂർ (പിലാത്തറ-മാതമംഗലം) |

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ